(ബി) പ്രസ്തുത ഫയർ സ്റ്റേഷൻ എപ്പോൾ പ്രവർത്തനക്ഷമമാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 28-10-2003-ലെ ജി. ഒ. (ആർ ടി) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരം അംഗീകരിച്ച പുതുതായി തുറക്കാനുദ്ദേശിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ ലിസ്റ്റിൽ 3-ാമതായി കാട്ടാക്കട ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കാട്ടാക്കട ഗ്രാമപഞ്ചായത്ത് സൗജന്യമായി ഒരുക്കുന്ന കെട്ടിടവും ഗ്യാരേജും മറ്റ് സൗകര്യങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ടും ലഭിച്ചാൽ ഫയർ സ്റ്റേഷൻ തുറക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

പന്തളത്ത് ഫയർ സ്റ്റേഷൻ

84 [1601] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് പന്തളത്ത് അനുവദിച്ച ഫയർ സ്റ്റേഷൻ സ്വന്തം കെട്ടിടത്തിൽ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) പന്തളത്ത് ഫയർസ്റ്റേഷന് സ്വന്തം കെട്ടിടവും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) (ബി) ആന്റ് (സി) പന്തളം ഫയർസ്റ്റേഷനുവേണ്ടി സ്ഥലം ഇതേവരെ ലഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജയിലുകളിൽ നടക്കുന്ന ക്രമക്കേടുകൾ

85 [1602] ശ്രീ. വി. ജെ. പൗലോസ് :

,, എം. കെ. പോൾസൺ മാസ്റ്റർ:

,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ നടക്കുന്ന ക്രമക്കേടുകളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ ഹൈക്കോടതി ഈ വർഷം എപ്പോഴെങ്കിലും ആവശ്യപ്പെട്ടുവോ; എങ്കിൽ എന്ന് ;

LIBRARY ARCHIVES Kerala Legislative Assembly